ശ്രീ. ടി. വി. തേവൻ : ആശുപത്രികളിലെ ഡാക്ടർമാർ ഷാപ്പുകളിൽ നിന്നും മരുന്നു വാങ്ങിക്കാനായി കുറിച്ചുകൊടുക്കുന്നുണ്ടെന്നുള്ള വിവരം ഗവണ്മെണ്ടിനറിയാമോ?

ശ്രീ. എ. ജെ. ജാൺ : ചിലപ്പോൾ അങ്ങനെ വന്നേക്കാം. മെഡിക്കൽ സ്റ്റോറിൽ ഇല്ലാത്ത ചില മരുന്നുകളായിരിക്കും അങ്ങനെ കുറിച്ചു കൊടുത്തയയ്ക്കുന്നത്.

ശ്രീ. പി. കെ. ഡീവർ : എറണാകുളത്തുള്ള ആശുപത്രികളിൽ മരുന്നുകളില്ലെന്നുള്ള വിവരം ഗവണ്മെണ്ടിനറിയാമോ?

ശ്രീ. എ. ജെ. ജാൺ : ഞാൻ മുൻപു പറഞ്ഞതുപോലെ ഇംപോർട്ടിംഗ് ലൈസൻസ് കിട്ടാനുള്ള വിഷമംകൊണ്ട് ചില മരുന്നുകൾക്ക് ക്ഷാമം ഉണ്ടായിട്ടുണ്ട്.

ശ്രീ. കെ. ആർ. ഇലങ്കത്ത് : ഈ മരുന്നുകൾക്ക് ഗവണ്മെണ്ടിൽനിന്നും വില്പനനികുതി ഈടാക്കുന്നുണ്ടോ?

ശ്രീ. എ. ജെ ജാൺ : ഷാപ്പുകളിൽനിന്നാണ മരുന്നുകൾ വാങ്ങിക്കുന്നതെങ്കിൽ വില്പനനികുതി ഈടാക്കുന്നുണ്ട്. എന്നാൽ രോഗികൾക്ക് ഡോക്ടർമാർ കൊടുക്കുന്ന മരുന്നുകൾക്ക് വില്പനനികുതി ഈടാക്കുന്നില്ല.

ശ്രീ. പി. കെ. ഡീവർ : എറണാകുളത്തുള്ള ജനറലാശുപത്രിയിൽ ഇൻറിഗ്രേഷനുമുമ്പ് കിട്ടിക്കൊണ്ടിരുന്ന പല മരുന്നുകളും ഇൻറിഗ്രേഷനുശേഷം കിട്ടുന്നില്ലെന്നുള്ള വിവരം ഗവണ്മെണ്ടിനറിയാമോ?

ശ്രീ. എ. ജെ. ജാൺ : അങ്ങനെ ഗവണ്മെണ്ടിനു് അറിവില്ല. എതായാലും അങ്ങനെ വരുന്നതെന്നു കരുതി ഓരോ പ്രാവശ്യവും അഞ്ചുറുപ്പയിൽ കവിയാതെ വരുന്ന തുകയ്ക്കുള്ള മരുന്നു് വെളിയിൽനിന്നും വാങ്ങുന്നതിനു് എറണാകുളം ആശുപത്രിയിലെ ഡാക്ടക്കും സർജൻ ജനറലിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : ആശുപത്രികളിൽ മരുന്നു വാങ്ങാൻ വരുന്ന രോഗികളുടെ പ്രതിമാസവരുമായം ഇന്നതാണെന്നു് ഡാക്ടർമാക്ക് എങ്ങനെ അറിയാൻ കഴിയും?

ശ്രീ. എ. ജെ. ജാൺ : അതു രോഗികളോടും പുറമെയുള്ളവരോടും അന്വേഷിച്ചു അറിഞ്ഞുകൊള്ളും.

സിലോണിലുള്ള തിരുവിതാംകൂറുകാർ

*൧൭. (൧൭) ശ്രീ. വി. കെ. ഫ്രാൻസിസ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ?

(എ) സിലോണിൽ താമസക്കാരായ തിരുവിതാംകൂർകാക്ക് നാട്ടിലേക്ക് പണം അയക്കുന്നതിനുള്ള വൈഷമ്യങ്ങൾ ഗവണ്മെണ്ടിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) നാട്ടിലേക്ക് പണം അയച്ചാൽ സിലോണിലെ പരതത്വം നഷ്ടപ്പെടുന്നതാണെന്നു സിലോൺ ഗവണ്മെണ്ട് അടുത്തകാലത്തു ഉത്തരവു പാസ്സാക്കിയിട്ടുണ്ടോ;

(സി) നമ്മുടെ സംസ്ഥാനത്തെ എത്ര ആളുകൾ സിലോണിൽ ഇപ്പോൾ ജോലിയായി താമസിക്കുന്നുണ്ട്?

ചീഫ് മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള)

(എ) ഉണ്ട്.

(ബി, സി) ഈ വിവരങ്ങൾ ഗവണ്മെണ്ടിനു അറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. വർഗ്ഗീസ്സ്: ഈ വൈക്ഷമ്യങ്ങൾ പരിഹരിക്കുന്നതിനു ഗവണ്മെണ്ടു എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഡിസ്ട്രിക്ട് മജിസ്ട്രേട്ടന്മാർക്കു വേണ്ട നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഇപ്പോൾ എടുത്തുവരുന്ന സെൻസസിൽ വിദേശികളുടെ സെൻസസ് കൂടി എടുക്കുവാൻ ഗവണ്മെണ്ടു ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു കേന്ദ്രഗവണ്മെണ്ടിന്റെ ജോലിയാണ്.

ലാൻഡുടാക്സ് കമ്മറിറിപ്പോർട്ട്

* ൧൬. (൧൬) ശ്രീ. വി. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) ലാൻഡുടാക്സ് കമ്മറിറി റിപ്പോർട്ട് സമർപ്പിച്ചുവോ;

(ബി) എന്നു;

(സി) അതിന്മേൽ എന്തു നടപടി നടത്തി;

(ഡി) കമ്മിറിറിക്കു് എത്ര രൂപാ ചെലവായി?

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ലാൻഡ്ടാക്സ് കമ്മിറിറി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടു്.

(ബി) ൧൯൫൦ ജനുവരി ൨–ാംനു.

(സി) റിപ്പോർട്ട് ഗവണ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണു്.

(ഡി) ആ കമ്മിറിറിക്കു് ൧ ൭, ൭ ൪ ൫ രൂപാ ചെലവായിട്ടുണ്ടു്.

ശ്രീ. വി. കെ. വർഗ്ഗീസ്: ആ കമ്മറിറി റിപ്പോർട്ടിന്മേൽ ഇതുവരെ നടപടി നടത്താതിരുന്നതു എന്തുകൊണ്ടാണു്?

ശ്രീ. എ. ജെ. ജോൺ: അതേപ്പറിറി ശരിയായി അനേഷിച്ചു നടപടി നടത്തണമെന്നു വിചാരിച്ചുണ്ടു്.

ലാൻഡ്പാളിസി കമ്മറിറി

* ൧൭. (൧൭) ശ്രീ. വി. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) ലാൻഡ്പാളിസി-കമ്മിറിറി എന്നാണു റിപ്പോർട്ട് സമർപ്പിച്ചതു;

(ബി) കമ്മിറിറിക്കു് എത്ര രൂപ ചിലവായി?

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ലാൻഡ്പാളിസി കമ്മിറിറി റിപ്പോർട്ട് ൧൯—൨൦—൧൯൫൦-ൽ ആണു് സമർപ്പിച്ചതു്.

(ബി) ആ കമ്മിറിറിക്കു ചെലവായ തുക ൨൭,൩൩൫ രൂപ ൪൫ അണയാണു്.

ശ്രീ. വി. കെ. വർഗ്ഗീസ്: ആ റിപ്പോർട്ടിന്മേൽ എന്തു നടപടി എടുത്തു?

ശ്രീ. എ. ജെ. ജോൺ: അതും ഗവണ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണു്.

ശ്രീ. പി. കെ. ഡിവർ: ആ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ഈ നിയമസഭയിൽ ഒരു ബില്ലു കൊണ്ടുവരുവാൻ ആഗ്രഹിക്കുന്നു എന്നു രാജപ്രമുഖന്റെ പ്രസംഗത്തിൽ പറഞ്ഞതനുസരിച്ചു് ഗവണ്മെണ്ടു് ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly